**പതിമൂന്നാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1422

13/06/2014-ൽ മറുപടിക്ക്

തിരുവനന്തപുരം നഗരം നേരിടുന്ന വെള്ളപ്പൊക്ക ഭീഷണി

**ചോദ്യം**

ശ്രീ. കെ.എം. ഷാജി

(എ) തലസ്ഥാനനഗരം നേരിടുന്ന വർഷകാല വെള്ളപ്പൊക്ക ഭീഷണി നിയന്ത്രിക്കാൻ എന്തൊക്കെ നടപടികൾ വിവിധ വകുപ്പുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ജലനിർഗ്ഗമനത്തിന് നിലവിലുള്ള ഓടകളും തോടുകളും വൃത്തിയാക്കി അവയുടെ സ്വാഭാവിക ആഴം നിലനിർത്തുന്നതിനും നീരൊഴുക്കിന് തടസ്സമാവുന്ന ചെടികളും പൈപ്പുകളും നീക്കം ചെയ്യുന്നതിനും

ബന്ധപ്പെട്ട വകുപ്പുകൾ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

**ഉത്തരം**

ശ്രീ. മഞ്ഞളാംകുഴി അലി
(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി)

(എ) തമ്പാനൂരിലെയും പരിസര പ്രദേശങ്ങളിലെയും വെള്ളക്കെട്ട് പരിഹരിക്കുന്നതിനുവേണ്ടി കെ.എസ്.യു.ഡി.പി മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

| പദ്ധതി | തുക |
|---|---|
| 1) പഴവങ്ങാടി തോടിന്റെ പുനരുദ്ധാരണ പദ്ധതി | - 9.37 കോടി രൂപ |
| 2)തമ്പാനൂർ പൊന്നറ പാർക്കുമുതൽ റോഡ് ബ്രിഡ്ജ് (ഐ.സി.എച്ച്) വരെ റോഡിനിരുവശവുമുള്ള ഓട നിർമ്മാണം | - 3.07 കോടി രൂപ |
| 3) തമ്പാനൂർ മുതൽ ഉപ്പിലാംമൂട് വരെ ഡൈവേർഷൻ കനാൽ | - 21.00കോടിരൂപ |

പഴവങ്ങാടി തോടിന്റെ പുനരുദ്ധാരണം കെ.എസ്.യു.ഡി.പി. പദ്ധതിയിൽ ഉൾപ്പെടുത്തിയും തമ്പാനൂർ പൊന്നറ പാർക്കുമുതൽ റോഡ് ബ്രിഡ്ജ് (ഐ.സി.എച്ച്) വരെ റോഡിനിരുവശവുമുള്ള ഓടയുടെ നിർമ്മാണവും ഡൈവേർഷൻ കനാലിന്റെ നിർമ്മാണവും ജെ.എൻ.എൻ.യു.ആർ.എം എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഫണ്ട് ഉപയോഗിച്ച് കേരള റോഡ് ഫണ്ട് ബോർഡ് മുഖേനയുമാണ് നടപ്പിലാക്കി വരുന്നത്. ഇതിൽ പഴവങ്ങാടി തോടിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ 50% പൂർത്തിയായിട്ടുണ്ട്. തമ്പാനൂർ ഭാഗത്തെ ഓടയുടെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. ഡൈവേർഷൻ കനാലിന്റെ പ്രവൃത്തി കരാർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) കെ.എസ്.യു.ഡി.പി. യുടെ ഭാഗമായി ഒന്നാം ഘട്ടത്തിൽ പഴവങ്ങാടി തോടിന്റെ കേരള വാട്ടർ അതോറിറ്റി outlet മുതൽ കണ്ണമ്മൂല വരെയുള്ള ഭാഗം ആഴം കൂട്ടി മാലിന്യങ്ങൾ നീക്കം ചെയ്ത് പാർശ്വഭിത്തികൾ ബലപ്പെടുത്തുന്ന പണിയാണ് നടന്നുവരുന്നത്. രാജാജി നഗറിലെ കലുങ്ക് പുനർ നിർമ്മാണം, KSRTC-Indian Coffee House-ന് സമീപം തോടിന്റെ ഭാഗത്ത് 100 മീറ്റർ box construction എന്നിവയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പഴവങ്ങാടി തോടിനിരുവശവുമുള്ള കാടുകൾ വെട്ടി നീരൊഴുക്ക് സുഗമമാക്കുന്നതിനുള്ള പ്രവൃത്തികളും ഈ പദ്ധതി മുഖേന നടപ്പിലാക്കി വരുന്നു.

പഴവങ്ങാടി തോടിന് കുറുകെയുള്ള water lines,sewerage lines എന്നിവ മാറ്റുന്നതിനു വേണ്ടിയുള്ള വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. രാജാജി നഗറിലെ ഒരു

സ്വിവറേജ് പൈപ്പ് ഇതിനകം മാറ്റി സ്ഥാപിച്ചിട്ടുണ്ട്.

കേരള റോഡ് ഫണ്ട് ബോർഡ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതിയിൽ തമ്പാനൂർ പൊന്നറ പാർക്ക് മുതൽ റോഡ് ബ്രിഡ്ജ് വരെയുള്ള ഓട വീതി കൂട്ടി പുനർ നിർമ്മിക്കുന്ന പണി അവസാന ഘട്ടത്തിലാണ്.

തമ്പാനൂർ മുതൽ ഉപ്പിലാംമൂട് വരെ പഴവങ്ങാടി തോടിലെ വെള്ളം ഭാഗികമായി തിരിച്ചു കൊണ്ടു പോകുന്നതിനുള്ള ഡൈവേർഷൻ കനാലിന്റെ പ്രവൃത്തികൾ കരാർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| (സി) | ഓരോ വകുപ്പും ഇതിനായി 2013-14 വർഷത്തിൽ എന്തു തുക വീതം ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ ? | (സി) | പഴവങ്ങാടി തോടിന്റെ പുനരുദ്ധാരണത്തിനു വേണ്ടി 2013-14 വർഷം കെ.എസ്.യു. ഡി.പി ഫണ്ടിൽ നിന്നും 2.53 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. തമ്പാനൂരിലെ ഓടയുടെ പുനർനിർമ്മാണത്തിനായി 2013-14 വർഷം 1.15 കോടി രൂപ ജെ.എൻ.എൻ.യു.ആർ.എം ഫണ്ടിൽ നിന്നും കേരള റോഡ് ഫണ്ട് ബോർഡ് മുഖേന ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ